**File No.SJD/1557/2020-D2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :09/12/2020
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

മാനസിക വെല്ലുവിളി നേരിടുന്ന വനിതകളെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ കായില എന്ന സ്ഥലത്ത് പ്രിയ ഹോം എന്ന സ്ഥാപനം നിലനിൽക്കുന്ന 33.50 ആർസ് സ്ഥലത്ത് അന്തർദേശീയ നിലവാരത്തിലുള്ള ഒരു പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയാറാക്കി നൽകുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. താത്പര്യമുള്ളവർ 30-12-2020 തീയതിയ്ക്കുള്ളിൽ സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, 5th ഫ്ലോർ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ് .പ്രിയാ ഹോമിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in ൽ ലഭ്യമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

PDF processed with CutePDF evaluation edition www.CutePDF.com

File No.SJD/1557/2020-D2

## Priya Home, Kollam - Concept Note

ശ്രീ. എൻ. കമലാസനൻ, സരോജ് വിഹാർ, എരഞ്ഞിപ്പാലം പി ഒ, കോഴിക്കോട് എന്ന വ്യക്തി, മാനസിക രോഗമുള്ള വനിതകളുടെ പുനരധിവാസ കേന്ദ്രം "പ്രിയ ഹോം ഫോർ മെന്റലി ചലഞ്ച്ഡ് വിമൺ" എന്ന പേരിൽ തുടങ്ങുന്നതിനായി കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ കായില എന്ന സ്ഥലത്ത് 33.80 ആർ സ്ഥലവും, കെട്ടിടവും സാമൂഹ്യനീതി വകുപ്പിന് വിട്ടു തരാൻ താത്പര്യപ്പെടുകയും, അതേത്തുടർന്ന് 04.06.18 ലെ G.O(MS) No.17/2018/SJD നമ്പർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തു. ആയത് പ്രകാരം 08.06.2018 -ൽ ബഹു. കൊട്ടാരക്കര എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ താക്കോൽ ദാന ചടങ്ങ് സംഘടിപ്പിച്ച് സാമൂഹ്യ നീതി വകുപ്പ് പ്രസ്തുത വസ്തുവും, കെട്ടിടവും ഏറ്റെടുക്കുകയുണ്ടായി.

06.12.2019 ലെ സ.ഉ(സാധാ)നം.761/2019/സാ.നീ.വ നമ്പർ ഉത്തരവിൻ പ്രകാരം സ്ഥാപനം തുടങ്ങുന്നതിന് അനുമതിയും, 25,06,940/- രൂപ ഫണ്ടും അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥാപനം നേരിട്ട് നടത്തുന്നതിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓരോ മൂന്നു വർഷം കൂടുമ്പോൾ പുതിയ ജീവനക്കാരെ കരാറിൽ പുതുക്കി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 27.12.2019 –ലെ സ.ഉ(സാധാ) നം.805/2019/സാ.നീ.വ ഉത്തരവിൻ പ്രകാരം സ്ഥാപനത്തിന്റെ പേര് 'Government of Kerala - Priya Home for Ladies' എന്നാക്കി ഭേദഗതി വരുത്തിയും, കുക്ക്, ആയ, കെയർ ടേക്കേഴ്സ്, സെക്യൂരിറ്റി സ്റ്റാഫ് തുടങ്ങിയ നോൺ-ടെക്നിക്കൽ തസ്തികകളിൽ മനുഷ്യവിഭവശേഷി ഏജൻസികൾ മുഖാന്തിരം നിയമനം നടത്തണമെന്നും നിർദ്ദേശിച്ചു ഉത്തരവായിട്ടുണ്ട്. കൂടാതെ, പ്രസ്തുത വസ്തുവിൽ നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനായി കേരള നിർമ്മിതി കേന്ദ്രം റീജിയണൽ ഡയറക്ടർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുകയും കെട്ടിടനവീകരണത്തിനായി 11-12-2019 ലെ സ .ഉ (സാധാ) നം. 71/2020/സാനീവ പ്രകാരം 29,10,100/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

നവീകരണപ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിച്ചു വരുന്നു.

പ്രസ്തുത കെട്ടിടം നിലനിർത്തി , അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ ഗ്രാമം നിർമ്മിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന (cured and controlled mentally ill) 100 പേരെയും മാനസ്സിക വെല്ലുവിളികൾ നേരിടുന്ന (mentally challenged) 100 പേരെയും താമസിപ്പിക്കുവാൻ സൗകര്യമുള്ള കെട്ടിടം, താമസക്കാർക്കായുള്ള ക്ലിനിക്ക്, തെറാപ്യൂട്ടിക് സേവനങ്ങൾ ( മ്യൂസിക് തെറാപ്പി, യോഗ തെറാപ്പി, സൈക്കാട്രിക് സർവ്വീസസ് & ഫിസിയോ തെറാപ്പി, വൊക്കേഷണൽ & സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം) നടത്തുന്നതിനായുള്ള സൗകര്യം, ജീവനക്കാർക്ക വേണ്ടിയുള്ള താമസസൗകര്യത്തിനുള്ള ക്വാർട്ടേഴ്സ് , ലൈബ്രറി, റീഡിംഗ് റൂം, വിനോദത്തിനായുള്ള സൗകര്യങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുനരധിവാസ ഗ്രാമം (with international standards) നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വസ്തുവിന്റെ സ്വാഭാവിക landscape നിലനിർത്തി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഗ്രാമത്തിൽ വൃത്താകൃതി/ oval shape ലുള്ള കെട്ടിടത്തിനകത്തുള്ള സ്ഥലത്ത് കളിസ്ഥലം , കൃഷി സ്ഥലം, പൂന്തോട്ടം എന്നിവയും ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

'Government of Kerala – Priya Home for Ladies' നിലനിൽക്കുന്ന 33.80 ആർ സ്ഥലത്തിന്റെ കോണ്ടൂർ മാപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

83

District - Quilon

Taluk - Kottarakkara Field No. 463

Block No. 30 K.L.M. 20

Village Name Veliyam

Area 5.6640 Hectares




PDF processed with CutePDF evaluation edition www.CutePDF.com

183

BLOCK NO 3C

AREA 0.3380 H




0.3380

30/5/16